# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/10/2018 2018 ജനുവരി 11

## പത്രക്കുറിപ്പ്

**ആഗോളീകൃത സുസ്ഥിര ലോകക്രമം: എം.ജി.യുടെ ത്രിദിന അന്താരാഷ്ട്ര സമ്മേളനത്തിന് തുടക്കമായി**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്‌കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് സംഘടിപ്പിക്കുന്ന, 'അക്കാദമിക-വ്യാവസായിക-ഭരണ സമന്വയത്തിലൂടെ ആഗോളീകൃത ലോകക്രമം' എന്ന വിഷയത്തിലുള്ള ത്രിദിന അന്താരാഷ്ട്രസമ്മേളനത്തിന് തുടക്കമായി. കൊച്ചി മാരിയറ്റ് ഹോട്ടലിൽ നടക്കുന്ന സമ്മേളനം അമേരിക്കയിലെ വിസ്‌കോൺസിൽ പാർക്ക് സൈഡ് സർവ്വകലാശാലാ ചാൻസലർ ഡോ. ഡിസോറത്ത് ഫോർഡ് ഉദ്ഘാടനം ചെയ്തു. നവലോകക്രമത്തിൽ അനുപേക്ഷണീയമായ നിപുണതയും നവസങ്കേതങ്ങളും പ്രദാനം ചെയ്യാൻ സർവ്വകലാശാലകൾക്ക് കഴിയണമെന്ന് അവർ പറഞ്ഞു. ഇതിനായി സർവ്വകലാശാലകളും വ്യവസായ-വാണിജ്യ സ്ഥാപനങ്ങളും തമ്മിലുള്ള രാജ്യാന്തര സഹകരണം അനിവാര്യമാണ്. പരസ്പരവിശ്വാസത്തോടെയുള്ള ഇടപെടൽ ഉണ്ടാകണം. കാലികപ്രാധാന്യമുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യാനുള്ള പ്രാവീണ്യം അദ്ധ്യാപകർക്ക് നൽകണം - ഡോ. ഡിസോറത്ത് തുടർന്നു. വിദ്യാർത്ഥികളിൽ ശാസ്ത്ര അഭിരുചിയും സാമൂഹ്യ ഇടപെടലിനായുള്ള കഴിവും വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഊന്നിപ്പറഞ്ഞു.

ഡോ. ഹെഡ്ഡ സാൻഡേഴ്‌സ്, ഡോ. റോബിനറ്റ് ജേക്കബ്, ഡോ. എബി കുരുവിള എന്നിവർ സംസാരിച്ചു. 14 വിദേശസ്ഥാപനങ്ങൾ ഉൾപ്പെടെ 30 സർവ്വകലാശാലകളിൽ നിന്നുള്ള പ്രബന്ധങ്ങൾ സമ്മേളനത്തിൽ അവതരിപ്പിക്കും. ഞായറാഴ്ച ആലപ്പുഴയിൽ നടക്കുന്ന സമാപന സമ്മേളനം വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യും. അമേരിക്കയിലെ വിസ്‌കോൺസിൽ പാർക്ക് സൈഡ് സർവ്വകലാശാല, ജർമ്മനിയിലെ ഒസ്റ്റാഫാലിയ സർവ്വകലാശാല, യൂണിവേഴ്‌സിറ്റി ഓഫ് ക്രയോഷ്യ എന്നിവയുടെ സഹകരണത്തോടെയാണ് അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിച്ചിട്ടുള്ളത്.

**അടിക്കുറിപ്പ്**
**മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്‌കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് സംഘടിപ്പിക്കുന്ന, 'അക്കാദമിക-വ്യാവസായിക-ഭരണ സമന്വയത്തിലൂടെ ആഗോളീകൃത ലോകക്രമം' എന്ന വിഷയത്തിലുള്ള ത്രിദിന അന്താരാഷ്ട്രസമ്മേളനം കൊച്ചി മാരിയറ്റ് ഹോട്ടലിൽ അമേരിക്കയിലെ വിസ്‌കോൺസിൽ പാർക്ക് സൈഡ് സർവ്വകലാശാലാ ചാൻസലർ ഡോ. ഡിസോറത്ത് ഫോർഡ് ഉദ്ഘാടനം ചെയ്യുന്നു. എം.ജി. സർവ്വകലാശാലാ പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, ഡോ. എബി കുരുവിള, ഡോ. ഹെഡ്ഡ സാൻഡേഴ്‌സ്, ഡോ. റോബിനറ്റ് ജേക്കബ് എന്നിവർ സമീപം**

**അപേക്ഷാ തീയതി**

സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസിനു കീഴിലുള്ള തൊടുപുഴ, പുലരിക്കുന്ന് എഞ്ചിനീയറിംഗ് കോളേജുകളിലെ ഒന്നും, മൂന്നും സെമസ്റ്റർ ബി.ടെക് പരീക്ഷകളുടെ പരീക്ഷാഫീസ് പിഴയില്ലാതെ ജനുവരി 12 വരെ സ്വീകരിക്കും. പരീക്ഷാ രജിസ്‌ട്രേഷനായി കോളേജുകൾക്ക് പോർട്ടൽ ജനുവരി 18 വരെ തുറന്നു പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

നാലാം സെമസ്റ്റർ എം.പി.എഡ്. (2015 അഡ്മിഷൻ റഗുലർ/2015ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ജനുവരി 23ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജനുവരി 13 വരെയും 50 രൂപ പിഴയോടെ 15 വരെയും 500 രൂപ സൂപ്പർഫൈനോടെ 17 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 150 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം. നാലാം സെമസ്റ്റർ റഗുലർ വിദ്യാർത്ഥികൾ പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് ഫീസായി 100 രൂപയും അടയ്ക്കണം.

**എം.ജി.യിൽ പരീക്ഷാ ഫ്രണ്ട് ഓഫീസ്**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ മുഴുവൻ സമയ വിദ്യാർത്ഥി സേവന പദ്ധതിയുടെ ഭാഗമായി പരീക്ഷാഭവനിൽ ഫ്രണ്ട് ഓഫീസ് എല്ലാ പ്രവൃത്തിദിനങ്ങളിലും രാവിലെ 7.15 മുതൽ വൈകീട്ട് 7.15 വരെ പ്രവർത്തിക്കുന്നതാണ്. പരീക്ഷാസംബന്ധമായ അന്വേഷണങ്ങളും അപേക്ഷകളും പരാതികളും ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കും. സാധാരണ ഓഫീസ് സമയത്തുള്ള വിദ്യാർത്ഥി ഹെൽപ്പ് ഡെസ്കിന്റെ സേവനങ്ങൾക്ക് പുറമെയാണിത്. ഫ്രണ്ട് ഓഫീസ് ഫോൺ നമ്പരുകൾ: 0481 - 2731000, 2732636, 8330013004, 8330013005, 8330013006, 8330013007, 8330013008, 8330013009.

**എം.ജി. വനിതാ ഹോസ്റ്റൽ റസിഡന്റ് ട്യൂട്ടർ (മേട്രൺ): വാക്ക് ഇൻ ഇന്റർവ്യൂ**

മഹാത്മാഗാന്ധി സർവ്വകലാശാലാ വനിതാ ഹോസ്റ്റലുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ റസിഡന്റ് ട്യൂട്ടർ (മേട്രൺ) നിയമനത്തിന് ജനുവരി 20ന് ഉച്ചയ്ക്ക് 2.30ന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. അംഗീകൃത സർവ്വകലാശാലാ ബിരുദവും 50 വയസ്സിൽ താഴെ പ്രായവുമുള്ള സ്ത്രീകൾക്ക് അപേക്ഷിക്കാം. ഹോസ്റ്റലിൽ താമസിക്കുവാൻ തയ്യാറുള്ളവരായിരിക്കണം. പ്രതിഫലം പ്രതിമാസം 15000 രൂപ. താല്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം രാവിലെ 10 മണിക്ക് ഭരണവിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ - ഒന്ന് മുമ്പാകെ ഹാജരാകണം. വിശദവിവരങ്ങൾക്ക് വെബ്സൈറ്റ്: www.mgu.ac.in, ഫോൺ: 0481 - 2733302.

**ഷോർട്ട് ഫിലിം മത്സരം**

മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയന്റെ ആഭിമുഖ്യത്തിൽ ഷോർട്ട്ഫിലിം മത്സരം നടത്തുന്നതാണ്. 'നിരോധനങ്ങളുടെ കാലത്ത് നിശബ്ദമാകാത്ത കാമ്പസുകൾ' എന്നതാണ് വിഷയം. പങ്കെടുക്കുന്ന കോളേജുകൾ 15 മിനിറ്റിലധികം ദൈർഘ്യമില്ലാത്ത ഷോർട്ട്ഫിലിം സി.ഡി.യിലാക്കി പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രത്തോടുകൂടി ഫെബ്രുവരി 7ന് മുമ്പായി സർവ്വകലാശാലാ യൂണിയൻ ഓഫീസിൽ സമർപ്പിക്കണം. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 7777 രൂപയും 5555 രൂപയും 3333 രൂപയും സമ്മാനം ലഭിക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**